# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി.12/928

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), പത്തനംതിട്ട
3)ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി.12/928 തീയ്യതി: 28/01/2022

## പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 27-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 27-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ. ആർ കൃഷ്ണകുമാർ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡിമിനിസ്റ്റേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 31-12-2020 |
| ശ്രീമതി ജിജി ജോൺ മാത്യൂ | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീ വേണുഗോപാൽ എസ്സ് | സെക്രട്ടറി | 01-04-2020 | 07-10-2020 |
| ശ്രീ അജയഘോഷ് കെ.ബി | സെക്രട്ടറി | 08-10-2020 | 03-02-2021 |
| ശ്രീമതി മിനി കെ.ആർ | സെക്രട്ടറി | 04-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഹരി എ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അമ്പിളി കെ.യു. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആൻ ഡാർലി വർഗ്ഗീസ് | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി അമ്പിളി സി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ഡോ. അജിത പി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി അജിതാദേവി പി | ക്ഷീര വികസന | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി ശ്രീകല കെ.ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ | 01-04-2020 | 31-01-2021 |
| ശ്രീ സാം മാത്യൂ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ | 01-02-2021 | 31-03-2021 |
| ശ്രീ ശ്രീജിത്ത് എസ്സ് | അസിസ്റ്റന്റ് എൻജിനിയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: SINDHUMOL V N (Auditor, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Arun P B (Senior Grade Auditor, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun P B (Senior Grade Auditor, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun P B (Senior Grade Auditor, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun P B (Senior Grade Auditor, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-01-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-01-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-01-2022) | 1-8 |
| 9 | 2019-20, 2020-21 വർഷത്തെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത – അന്വേഷണ വിധേയമാക്കേണ്ടതാണ്.<br>Written By: SINDHUMOL V N (Auditor, On 28-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-9 |
| 10 | ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Veena C (Asst. Audit Officer, On 28-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-10 |
| 11 | വിവിധ നിക്ഷേപ പ്രവൃത്തികൾ-78.22 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-11 |
| 12 | സംയുക്ത പദ്ധതികൾക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-01-2022) | 1-12 |
| 13 | പഠനമുറി നിർമ്മാണം - സബ്സിഡി നിർദ്ദേശം പാലിച്ചില്ല<br>Written By: SINDHUMOL V N (Auditor, On 27-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-13 |
| 14 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി- അപാകതകൾ<br>Written By: SINDHUMOL V N (Auditor, On 28-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-14 |

| | | |
|---|---|---|
| 15 | മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു<br>Written By: SINDHUMOL V N (Auditor, On 28-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-14-2 |
| 16 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 27-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-15 |
| 17 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട കടവിൽ സ്റ്റെപ്പ് നിർമ്മാണം നടത്തി<br>Written By: Veena C (Asst. Audit Officer, On 28-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-16 |
| 18 | തുടർ സാക്ഷരതാ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-01-2022) | 1-17 |
| 19 | കൂലിച്ചെലവ് സബ്സിഡി-നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-01-2022) | 1-18 |
| 20 | കൂലിച്ചെലവ് സബ്സിഡി-അംഗീകരിച്ച പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് നിർവ്വഹണം നടത്തി<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-01-2022) | 1-19 |
| 21 | വനിതാ ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-01-2022) | 1-20 |
| 22 | കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-01-2022) | 1-21 |
| 23 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ടെണ്ടർ നടപടികളിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-22 |
| 24 | വനിതകൾക്ക് ബ്രോയിലർ യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 15-01-2022) | 1-23 |
| 25 | സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 29-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 15-01-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 15-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 19-12-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 18-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 19-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 19-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 4-7 |
| 8 | ചാർജ്ജ്/സർ ചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 19-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 14.03.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പരിഷ്കരിച്ച് അംഗീകരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

2020-21 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചാബ് നാഷണൽ ബാങ്കിൽ ഉണ്ടായിരുന്ന റ്റി.എസ്.സി അക്കൗണ്ട് (33832) ക്ലോസ് ചെയ്ത് 23.04.2020-ൽ ഫെഡറൽ ബാങ്കിൽ പുതിയ റ്റി.എസ്.സി അക്കൗണ്ട് (0864) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക (21,48,178 രൂപ) വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിൽ ഈയിനത്തിൽ കാണിച്ചിട്ടുള്ളത് പഞ്ചാബ് നാഷണൽ ബാങ്കിന്റെ തൻവർഷത്തെ മുന്നിരിപ്പ് തുക തന്നെയാണ്.

2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് (ബി4) എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ ആയിട്ടില്ല.

3. ബി9 ഷെഡ്യൂൾ പ്രകാരം വാറ്റ് ഇനത്തിൽ 9234 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു.

4. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2019-20 സാമ്പത്തിക വർഷത്തെ അതേ തുക തന്നെയാണ് 2020-21 സാമ്പത്തിക വർഷത്തിലും കാണിച്ചിട്ടുള്ളത്.

5. പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളിൽ (ബി18) കേരള വാട്ടർ അതോറിറ്റിയിൽ 56,81,351 രൂപയും കെ.എസ്.ഇ.ബി-യിൽ 24,86,248 രൂപയും അവശേഷിക്കുന്നു. എന്നാൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ മാത്രം ടി സ്ഥാപനങ്ങളിൽ യഥാക്രമം 89,38,223 രൂപയും 30,51,576 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ടി തുകകളുടെ പൂർത്തീകരണ പത്രം ലഭ്യമായിട്ടുമില്ല.

6. ഔദ്യോഗിക ആവശ്യങ്ങൾക്ക് താൽക്കാലിക മുൻകൂർ ആയി (ബി18) നൽകിയ 4,85,934 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

7. Capital Work In Progress ഇനത്തിൽ വാർഷിക ധനകാര്യപത്രികയിൽ 9,36,583 രൂപ കാണിച്ചിട്ടുണ്ട്. തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10,001,180 |
| വരവ് | 61,958,173 |
| ആകെ | 71,959,353 |
| ചെലവ് | 65,894,349 |
| നീക്കിയിരിപ്പ് | 6,065,004 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ക്യൂബിൽ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 23325684 | 23325684 | 21089396 | 2236288 | -- |
| വികസന ഫണ്ട്-എസ്.സി.പി | 12654574 | 12654574 | 10930872 | 1723702 | -- |
| വികസന ഫണ്ട്-ടി.എസ്.പി | 327000 | 327000 | 205000 | 122000 | -- |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ | 4070409 | 4070409 | 3685137 | 385272 | -- |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സി.എഫ്.സി-Tied | 4380000 | 4380000 | 3957865 | 422135 | |
| സി.എഫ്.സി- (Basic Grand) | 4380000 | 4380000 | 2315789 | 2064211 | -- |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1) സി.എഫ്.സി (Tied) ഇനത്തിൽ 4380000 രൂപ ആകെ അലോട്ടമെന്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 2190000 രൂപ മാത്രമാണ് അനുവദിച്ച് അലോട്ട്മെന്റായി കാണിച്ചിട്ടുള്ളത്.

2) റോഡിതര മെയിന്റനൻസ് ഗ്രാന്റ് രണ്ടാം ഗഡുവിൽ നിന്ന് 41591 രൂപ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ടി തുക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 80 | 59982973 | 75 | 38993168 | 5 | 93.75 |

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

നിക്ഷേപ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

5 ലക്ഷം രൂപ അടങ്കലുള്ള മരാമത്ത് പ്രവർത്തികൾ രൂപീകരിക്കുമ്പോൾ മറ്റ് ഫണ്ടുകളോടൊപ്പം തനത് ഫണ്ട് കൂടി വകയിരുത്തി 21 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും 20 പ്രോജക്ടുകളിലും തനത് ഫണ്ട് ചെലവഴിച്ചിട്ടില്ല. അടങ്കൽ 5 ലക്ഷമായി ഉയർത്തുന്നതിന് മാത്രം തനത് ഫണ്ട് വകയിരുത്തുന്ന രീതി ക്രമപ്രകാരമല്ല.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന തീയതിയിൽ 21.12.21 2.30 PM-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 10.03.2021 വരെ | 2019-20 മുതൽ 28.02.2021 വരെ | 27.07.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.05.2019 മുതൽ 16.05.2019 വരെ | 2014-15 മുതൽ 2018-19 വരെ | 06.06.2019 |

## 1-9 2019-20, 2020-21 വർഷത്തെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത – അന്വേഷണ വിധേയമാക്കേണ്ടതാണ്.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 83 പ്രകാരം പഞ്ചായത്തിൽ രസീത് ബുക്കുകൾ ലഭിച്ചയുടനെ സ്റ്റോക്ക് ബുക്കിൽ എഴുതി ചേർത്ത് ഇഷ്യൂ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽമാനുവൽ & സാംഖ്യാ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രസീത് ബുക്കുകൾക്ക് നിലവിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നും ഭാവിയിൽ മാനുവൽ & സാംഖ്യാ രസീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും എൻക്വയറിയുടെ (നം2/14.12.21) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

2. 1204320-ാം നം. രസീതിന്റെ കൗണ്ടർ ഫോയിൽ ഹാജരാക്കിയിട്ടില്ല. ടി രസീത് ഉപയോഗിച്ചുള്ള പണമിടപാടിന്റെ സുതാര്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

3. രസീത് നം. 1204296, 1204299, 1204302, 1204308, 1204311, 1204318, 1204322 എന്നിവ കാരണം ബോധിപ്പിക്കാതെയും സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയും ക്യാൻസൽ ചെയ്തിരിക്കുന്നു. 1204336, 1204337, 1204338, 1204340, 1204341 എന്നീ രസീതുകൾ പ്രിന്ററിലെ അപാകതകൾ കാണിച്ച് ക്യാൻസൽ ചെയ്തിരിക്കുന്നു. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1204342-ാം നം. രസീത് പ്രകാരം 55149 രൂപ രേഖപ്പെടുത്തിയത് കാരണം രേഖപ്പെടുത്താതെയും സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയും ക്യാൻസൽ ചെയ്യുകയും തുടർന്ന് 51076 രൂപയുടെ രസീത് പ്രിന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മാനുവൽ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ടി രസീതുകൾ പ്രകാരമുള്ള തുകയുടെ വരവ് സംബന്ധിച്ച കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/21.12.21) നൽകിയിരുന്നുവെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയില്ല.

4. 2019-20, 2020-21 വർഷങ്ങളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതമിനത്തിലെ തുക പിരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥർക്ക് രസീതുബുക്കുകൾ വിതരണം ചെയ്തതിന്റെയും പിരിച്ചെടുത്ത തുകകളുടെ ഒടുക്ക് വരുത്തൽ സംബന്ധിച്ചുമുള്ള വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/21.12.2021), ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രസീതു ബുക്കുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്തൃവിഹിതമിനത്തിലെ തുകയും ടെണ്ടർ ഫോറത്തിന്റെ വിലയും കൈപ്പററിയിട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടയ്ക്കുകയാണെന്ന് പട്ടികജാതി വികസന ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

പുല്ലാട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും ജനകീയാസൂത്രണ പദ്ധതിയുടെ ഗുണഭോക്തൃവിഹിതം സ്വീകരിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയിരുന്ന രസീതു ബുക്കുകൾ 2019 നവംബർ മാസം വരെ ഉപയോഗിക്കുകയും രസീതുകൾ തീർന്നതിനെ തുടർന്ന് പുതിയ രസീതു ബുക്ക് ആവശ്യപ്പെട്ട് സെക്രട്ടറിക്ക് കത്ത് (06/11 /2019) നൽകുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് രസീതു ബുക്കുകൾ നിർവ്വഹണോദ്യോഗസ്ഥർക്ക് അച്ചടിച്ച് നൽകുന്നില്ലെന്നും ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഒപ്പിട്ട താത്കാലിക രസീതു നൽകിയാൽ മതിയെന്നും പിരിവു തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള STSB A/C (Kumbanad Sub Treasury) ൽ നിക്ഷേപിക്കണമെന്നും വാക്കാൽ നിർദ്ദേശം നൽകുകയും തുടർന്ന് STSB A/C നം. രേഖപ്പെടുത്തിയ Pay In Slip കൾ നൽകുകയും ചെയ്തതായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഡിറ്റ് എൻക്വയറിയുടെ (നം.13/21.12.2021) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ട്രഷറിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ STSB A/C ൽ പണം അടയ്ക്കാൻ അനുവദിക്കാതിരുന്നതിനെ തുടർന്ന് ഗുണഭോക്തൃവിഹിതം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുകയാണ് ചെയ്തതെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പല കാരണങ്ങൾ പറഞ്ഞ് ബ്ലോക്ക് പഞ്ചായത്തിൽ ഗുണഭോക്തൃവിഹിതം സ്വീകരിക്കാതിരുന്നതിനാൽ ഒന്നിലധികം ദിവസങ്ങളിൽ ടി തുകകൾ ഓഫീസിൽ സൂക്ഷിക്കേണ്ടതായി വന്നിട്ടുണ്ടെന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു.

രസീത് ബുക്ക് നം.397 പ്രകാരം ഗുണഭോക്തൃവിഹിതമായി 43400 രൂപയും 19 ടെമ്പററി രസീതുകൾ ഉപയോഗിച്ച് 105000 രൂപയും പിരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്, 16500 രൂപ രസീതിൽ ഉൾപ്പെടുത്താതെ KAICO യിൽ നേരിട്ട് ഒടുക്കിയതായും കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 20 പ്രകാരം പഞ്ചായത്തിന് വേണ്ടി നിർവ്വഹണോദ്യോഗസ്ഥർ പണം സ്വീകരിക്കുമ്പോൾ ഏതിനത്തിലാണെന്ന് രേഖപ്പെടുത്തി രസീത് നൽകേണ്ടതും നിർവ്വഹണോദ്യോഗസ്ഥരുടെ ഉപയോഗത്തിന് വേണ്ടിയുള്ള രസീത് ബുക്കുകൾ നിർദ്ദിഷ്ട ഫാറത്തിൽ സെക്രട്ടറി

അച്ചടിച്ച് നൽകേണ്ടതുമാണെന്നുള്ള നിബന്ധന നിലനിൽക്കെ തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അക്ഷന്തവ്യമായ കൃത്യ വിലോപം പ്രസ്തുത ദിവസങ്ങളിൽ ചുമതലയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ (സെക്രട്ടറി, ഹെഡ് ക്ലാർക്ക്) ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ട്. ആയതിനാൽ ക്രമ നം 2 മുതൽ 4 വരെ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൻമേൽ വകുപ്പ് തലത്തിൽ തുടരന്വേഷണം നടത്തുന്നതിനും ഭരണസമിതി തുടർ നടപടികൾ സ്വീകരിക്കുവാനും വിവരം ലഭ്യമാക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-10 ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ അവശേഷിക്കുന്നു

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 02-10-17 ലെ സ ഉ (സാധാ) നമ്പർ 3186/2017 തസ്വഭവ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ ഇ-ടെണ്ടർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകകളുടെ വിവരം എൻക്വയറി (നം 14/21.12.21) മുഖേന ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ഓഡിറ്റ് വേളയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 21/12/2021 ലെ 327701-ാം നമ്പർ ചെക്ക് മുഖേന തിരികെ ലഭിച്ച ടെണ്ടർ ഫീസായ 464186 രൂപയുടെ വർഷം തിരിച്ചുള്ള കണക്കുകൾ മാത്രം ലഭ്യമാക്കുകയുണ്ടായി. ആയത് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തിരികെ ലഭിച്ച തുക |
|---|---|
| 2015-16 | 279670 |
| 2017-18 | 80669 |
| 2019-20 | 103847 |
| ആകെ | 464186 |

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വർഷങ്ങളിലെ ടെണ്ടർ ഫീസ് പൂർണ്ണമായും തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. 2016-17, 2018-19, 2020-21 വർഷങ്ങളിലെ ടെണ്ടർ ഫീസ് തിരികെ ലഭിക്കാനുള്ളത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-11 വിവിധ നിക്ഷേപ പ്രവൃത്തികൾ-78.22 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു

KSEB, KWA എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷങ്ങളിൽ താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക | അപാകതകൾ |
|---|---|---|---|---|
| 1 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 90/21 - Spill Over<br>പ്രത്യേക ഘടക പദ്ധതി ഫണ്ട് | 1580587 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2337372 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | SO 89/21 - Spill Over – വികസന ഫണ്ട് ജനറൽ | | പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 3 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO 78/21 - Spill Over – വികസന ഫണ്ട് ജനറൽ | 238135 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 4 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO 07/21 – വികസന ഫണ്ട് ജനറൽ | 1363000 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 5 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO 10/21 – പ്രത്യേക ഘടക പദ്ധതി ഫണ്ട് | 192704 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല, പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 6 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO 08/21 - പ്രത്യേക ഘടക പദ്ധതി ഫണ്ട് | 1287000 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല, പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 7 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO 09/21 – വികസന ഫണ്ട് ജനറൽ | 824050 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| ആകെ തുക | | | 7822848 (KSEB-1254889 , KWA-6567959) | |

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ അവരുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതും പദ്ധതിയുടെ നിർവ്വഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് മോണിട്ടറിംഗ് കമ്മിറ്റി കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ നീട്ടൽ എന്നീ പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ സമാനമായ പദ്ധതികൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ തുക വിനിയോഗിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-12 സംയുക്ത പദ്ധതികൾക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്തമായി പദ്ധതികൾ നിർവ്വഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | അയിരൂർ പഞ്ചായത്തിലെ 8-ാം വാർഡിൽ മിനി മാസ്റ്റ് സ്ഥാപിക്കുന്നതിന് വിഹിതം നൽകൽ, SO 88/21-Spill Over<br>അടങ്കൽ - 3,20,000 (വികസന ഫണ്ട്) | 3,20,000 | ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 4 | ലൈഫ് ഭവന നിർമ്മാണം, SO 05/21<br>അടങ്കൽ - 48,03,164 (വികസന ഫണ്ട്) | 36,54,399 | ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 5 | ലൈഫ് ഭവന പദ്ധതി, SO 06/21<br>അടങ്കൽ - 25,24,000 (SCSP) | 25,03,000 | ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 6 | അയിരൂർ പഞ്ചായത്തിലെ 10-ാം വാർഡിൽ മിനി മാസ്റ്റ് സ്ഥാപിക്കുന്നതിന് വിഹിതം നൽകൽ, SO 17/21<br>അടങ്കൽ - 5,20,000 (CFC) | 1,60,000 | ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 7 | എഴുമറ്റൂർ കൊട്ടിയമ്പലം അംഗനവാടി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ, SO 99/21<br>അടങ്കൽ - 1,50,000 (വികസന ഫണ്ട്) | 1,50,000 | ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 8 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ-ഗ്രാമപഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ, SO 35/21<br>അടങ്കൽ - 1,20,000 (വികസന ഫണ്ട്) | 40,000 | അയിരൂർ, ഇരവിപേരൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി. ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും അപാകതകൾക്ക്

മറുപടിയും ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-13 പഠനമുറി നിർമ്മാണം - സബ്സിഡി നിർദ്ദേശം പാലിച്ചില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പഠനമുറി നിർമ്മാണം പ്രോജക്ടിൽ സബ്സിഡി മാർഗ്ഗ രേഖ (ജി.ഓ.എം.എസ് 22/2018 ത.സ്വ.ഭവ 14.02.2018) പ്രകാരവും സ.ഉ.(സാധാ) നം. 2636/2018 ത.സ്വ.ഭവ തീയതി 15-10-2018 പ്രകാരവും നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ (11.15m2) അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണെന്ന വ്യവസ്ഥ നിലനിൽക്കെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പഠനമുറി പ്രസ്തുത നിർദ്ദേശം ലംഘിച്ച് പൂർത്തിയാക്കിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | പഠനമുറിയുടെ വിസ്തീർണ്ണം | വാല്യുവേഷൻ തുക | നൽകിയ ധനസഹായം | ബിൽ നം/തീയതി |
|---|---|---|---|---|
| രവികുമാർ കെ.കെ | 200.13 Sqft | 200000 | 200000 | 35/KB/03 , 20/01/2020, 50000<br>56/KB/03, 20/03/2020 , 50000<br>06/KB/68, 13/08/2020, 50000<br>12/KB/68, 12/10/2020 , 50000 |
| രഘു പി.എൻ | 220.66 Sqft (20.50 Sqm) | 199324 | 200000 | 10/KB/28, 17/09/2020 50000<br>22/KB/28, 13/11/2020 100000<br>28/KB/28, 20/01/2021 50000 |
| സുധ കെ.റ്റി | 146 Sqft (13.6) | 200000 | 200000 | 21/KB/28, 13/11/2020, 50000<br>26/KB/28, 15/01/2021 , 100000<br>08/KB/61, |

| | | | | |
|---|---|---|---|---|
| | | | | 11/10/2021, 50000 |

രഘു പി.എൻ എന്ന ഗുണഭോക്താവ് ബാൽക്കണി കൂടി ഉൾപ്പടുത്തിയാണ് പഠനമുറി പൂർത്തിയാക്കിയിരിക്കുന്നത്. മാർഗ്ഗരേഖാ നിർദ്ദേശം മറികടന്ന് പഠനമുറി പണിഞ്ഞ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി- അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി (എസ്0021/21) പ്രകാരം കാഞ്ഞീററുകര സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ഇൻവെർട്ടർ, യു.പി.എസ് എന്നിവ സ്ഥാപിക്കുന്നതിനായി 195000 രൂപയും മരുന്ന്, ലാബ് റീജന്റ് എന്നിവയ്ക്കായി 492498 രൂപയും ചേർത്ത് ആകെ 687498 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-14-1 ഇൻവെർട്ടർ, യു.പി.എസ് എന്നിവ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

കാഞ്ഞീററുകര സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ഇൻവെർട്ടർ, യു.പി.എസ് എന്നിവ സ്ഥാപിക്കുന്നതിനായി 195000 രൂപയുടെ എസ്റ്റിമേറ്റ് കോട്ടയം പി.ഡബ്ല്യ.ഡി ഇലക്ട്രോണിക്സ് സബ് ഡിവിഷനിൽ നിന്നും ലഭ്യമാക്കിയതു പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിററി അംഗീകരിച്ച് ബിൽ നം. 20050963014001235639 തീയതി 08/03/2021 പ്രകാരം 195000രൂപ CHCയ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത തുക തുടർനടപടികൾക്കായി PWD Executive Engineer, Electronic Division, Trivandrum പേരിൽ ഒടുക്കിയെങ്കിലും BIMS ൽ ടി തുക ലഭ്യമായിട്ടില്ലെന്ന് 18.05.2021-ൽ പി.ഡബ്ള്യുഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി തുക ഒടുക്കുവരുത്തിയതിന്റെ കൃത്യത സംബന്ധിച്ചുള്ള വിവരം, പ്രസ്തുത പ്രവൃർത്തിയുമായി ബന്ധപ്പെട്ട് പി.ഡബ്ല്യ.ഡി-യുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ എന്നിവ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കണമെന്നാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/24.12.2021) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രവൃർത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരവും അപാകതകൾക്ക് മറുപടിയും ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 195000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-14-2 മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ S0021/21 പദ്ധതിയുടെ ഭാഗമായി മരുന്ന്, ലാബ് റീ ഏജന്റ് ഇവ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ.ന് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയായും പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം & തീയതി<br>നൽകിയ തുക | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|
| 20050963014001369397, 26/03/2021, 300000 രൂപ<br>20050963014001338005 24/3/2021 12498 രൂപ<br>20050963014001369972 26/03/2021 180000 രൂപ | ഇല്ല<br>12498<br>ഇല്ല | 300000<br>ഇല്ല<br>180000 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്വയം തൊഴിൽ സംരംഭം എന്ന പ്രോജക്ടിന് (67/2021,29/2020) 324500 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും ചെലവ് ചെയ്യുകയും

ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 16 നം 25 നം ഇടയിൽ പ്രായ പരിധിയിൽപ്പെട്ടതും മാനസിക വെല്ലുവിളി നേരിടുന്നതുമായ വ്യക്തികൾക്കും അവരുടെ രക്ഷിതാക്കൾക്കും മുട്ടക്കോഴി വളർത്തലിന്റെ ശാസ്ത്രീയമായ രീതികളെക്കുറിച്ച് പരിശീലനം നൽകി അത്യുത്പാദന ശേഷിയുള്ള മുട്ടക്കോഴികളേയും പ്രത്യേകം രൂപ കൽപന ചെയ്ത കൂടും നൽകി തുടർച്ചയായ പരിശീലനത്തിലൂടെ അവരെ സ്വയം പര്യാപ്തരാക്കുന്നതിനുമാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ആയതിന് ഐ.സി.എ.ആർ, കൃഷി വിജ്ഞാൻ കേന്ദ്ര, തടിയൂർ എന്ന കേന്ദ്ര സർക്കാർ സ്ഥാപനവുമായി 30.07.2020ൽ കരാറിലേർപ്പെടുകയുണ്ടായി. മോണിട്ടറിംഗ് നടത്തുന്നതിന് സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ് (ഐ.സി.എ.ആർ), ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സി.ഡി.പി.ഒ, പ്രസിഡന്റ് നോമിനേറ്റ് ചെയ്ത ഒരു ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഐ.സി.എ.ആറിൽ നിന്നുള്ള നോഡൽ ഓഫീസർ എന്നിവരുൾപ്പെടുന്ന ഒരു ബ്ലോക്ക് ലെവൽ കമ്മിറ്റി രൂപീകരിക്കാനും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. ഐ.സി.എ.ആർ സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള പ്രോജക്ടിന്റെ ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നം | വിശദാംശങ്ങൾ | എണ്ണം | തുക |
|---|---|---|---|
| 1 | പൗൾട്രി യൂണിറ്റ് (കൂട്, പക്ഷികൾ (15nos) തീറ്റ, മരുന്ന്) | 20 | 240000 |
| 2 | ട്രെയിനിംഗ് ചെലവുകൾ, ഡെമോൺസ്ട്രേഷൻ മെറ്റീരിയൽസ് | 20 | 39000 |
| 3 | ഹോണറേറിയം – ഫീൽഡ് വർക്കർ/ഫാക്കൽറ്റി | 20 | 30000 |
| 4 | ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്ജ് | – | 15500 |
| | ആകെ | | 324500 |

20.05.2020ലെ ബിൽ നം.20050968004700183162 പ്രകാരം 259600 രൂപ മുൻകൂർ ആയും തുടർന്ന് 26.03.2021ലെ ബിൽ നം.20050968004701366193 പ്രകാരം 64900 രൂപയും സ്ഥാപനത്തിന് പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഐ.സി.എ.ആർ സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ സ്ഥാപനം ലഭ്യമാക്കുകയോ ആയത് വാങ്ങി ഫയലിൽ സൂക്ഷിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യുതിട്ടില്ല. ആയതിനാൽ ചെലവ് സുതാര്യമല്ല. കരാർ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.17/22.12.2021) മറുപടി ലഭ്യമാക്കിയില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകളും മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട കടവിൽ സ്റ്റെപ്പ് നിർമ്മാണം നടത്തി

| | |
|---|---|
| പ്രോജക്ട് നം | 66/21 |
| പ്രോജക്ടിന്റെ പേര് | മുളവൂർ പടി മാരാമൺ റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 500000 |
| ചെലവ് | 482708 |
| ബിൽ നം/തീയതി | 20050952017300526581/16.09.2020- 400000<br>5571009/24.08.2020-82708 |
| എം ബുക്ക് നം | 10/19-20 |
| കരാറുകാരൻ | ശ്രീ. പി.കെ മുരളീധരൻ നായർ |
| കരാർ നം/തീയതി | 11/AE/LSGLD/KBP/19-20 തീയതി 23.03.2020 |

23.03.2020ൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും 27.07.2020ൽ പൂർത്തിയാക്കുകയും കരാറുകാരന് പ്രതിഫലമായി 465468 രൂപ നൽകിയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ ലൊക്കേഷൻ സ്കെച്ച് ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ലൊക്കേഷൻ സ്കെച്ച് ഹാജരാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയുന്നതിനുമായി എൻക്വയറി (11/21.12.2021) നൽകുകയുണ്ടായി. തുടർന്ന് ലൊക്കേഷൻ സ്കെച്ച്, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയതിൽ മാരാമൺ മുളവൂർപ്പടിയുടെ ഭാഗമായതും ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുൾപ്പെട്ടതുമായ 100 മീറ്റർ നീളവും 3 മീറ്റർ വീതിയും മാത്രമുള്ള നെടും പ്രയാർ വള്ളക്കടവ് റോഡ് ചെന്ന് ചേരുന്ന കടവിൽ സ്റ്റെപ്പ് നിർമ്മാണം നടത്തുകയാണുണ്ടായതെന്ന് ബോദ്ധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ അധികാര

പരിധിയിൽപ്പെട്ട കടവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് ചെയ്തിട്ടുള്ളത്. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 തുടർ സാക്ഷരതാ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

തുടർ സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട് 2020-21 സാമ്പത്തിക വർഷം (പ്രോ.നം.15/21) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് രജിസ്റ്റർ ചെയ്ത 15 പഠിതാക്കൾക്കുള്ള കോഴ്സ് ഫീസ് ഇനത്തിൽ 37,500 രൂപ (ബിൽ നം.68/30.03.21) പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-18 കൂലിച്ചെലവ് സബ്സിഡി-നിർവ്വഹണത്തിലെ അപാകതകൾ

നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥയായി രൂപീകരിച്ച സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി 10,59,708 രൂപ (പ്രോ.നം.87/21, വികസന ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ടി തുക പുറമറ്റം ഗ്രാമപഞ്ചായത്തിനും (5,52,500 രൂപ) ഇരവിപേരൂർ ഗ്രാമപഞ്ചായത്തിനും (5,07,208 രൂപ) നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഇതേ ആവശ്യത്തിനായി രൂപീകരിച്ച പുതിയ പദ്ധതിയുടെ ഭാഗമായി (പ്രോ.നം.33/21, വികസന ഫണ്ട്) 7,22,500 രൂപയും ചെലവഴിച്ചു. ടി തുക പൂർണ്ണമായും പുറമറ്റം ഗ്രാമപഞ്ചായത്തിനാണ് നൽകിയത്. എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച്, വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-19 കൂലിച്ചെലവ് സബ്സിഡി-അംഗീകരിച്ച പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് നിർവ്വഹണം നടത്തി

പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (പ്രോ.നം.34/21, വികസന ഫണ്ട്) 3,00,000 രൂപ (ബിൽ നം.17/27.03.2021) കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുമായി ചേർന്നുള്ള സംയുക്ത പദ്ധതി എന്ന നിലയ്ക്കാണ് ടി പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളത് . അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ നിർവ്വഹണ രീതിയിൽ നിന്ന് വ്യതിചലിച്ച്, കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ എന്ന സ്ഥാപനം വഴി പദ്ധതി നടപ്പിലാക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/23.12.2021) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ, മറ്റ് ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് വയ്ക്കാതിരുന്നതിനാലാണ് കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ എന്ന സ്ഥാപനം വഴി പദ്ധതി നടപ്പിലാക്കിയത് എന്ന് അറിയിച്ചു.

പദ്ധതിയുടെ ചെലവ് തുകയെ സാധൂകരിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ഗ്രൂപ്പിലെ അംഗങ്ങളായ കർഷകരുടെ അപേക്ഷകൾ, കൃഷിഭൂമിയുടെ വിവരം എന്നിവയും ലഭ്യമല്ല. ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷന് നൽകിയ തുക നാളിതുവരെ ബന്ധപ്പെട്ട കർഷകർക്ക് നൽകിയിട്ടില്ലായെന്നും സ്ഥാപനത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ച പദ്ധതിയുടെ നിർവ്വഹണ രീതിയിൽ നിന്ന് വ്യതിചലിച്ച് ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷന്റെ അക്കൗണ്ടിൽ പദ്ധതിപ്പണം സൂക്ഷിച്ചിരിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയാണ്. പദ്ധതിയുടെ പുരോഗതി, പൂർത്തീകരണം എന്നിവ പരിശോധിച്ച് വിലയിരുത്തുന്നതിൽ മോണിട്ടറിംഗ് കമ്മിറ്റി പൂർണ്ണമായും പരാജയപ്പെട്ടു. പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകത നിലനിൽക്കുന്നതിനാലും പദ്ധതിപ്പണം നാളിതുവരെ ഗുണഭോക്താക്കളായ കർഷകർക്ക് ലഭ്യമായിട്ടില്ലാത്തതിനാലും 3,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണവകുപ്പുതലത്തിൽ വിശദമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-20 വനിതാ ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

വനിതാ ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 8,69,263 രൂപ വികസന ഫണ്ടും 1,10,000 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തിയുള്ള സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി 7,73,500 രൂപ വികസന ഫണ്ട് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 16 വനിതാ കാർഷിക ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. KAICO-യിൽ നിന്ന് ബ്രഷ് കട്ടർ, പവർ സ്പ്രേയർ എന്നീ ഉപകരണങ്ങളാണ് ഗ്രൂപ്പുകൾക്ക് വാങ്ങി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

A) പദ്ധതിയുടെ ഭാഗമായി കർഷക ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുള്ള യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർമാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത സാഹചര്യത്തിൽ, ഉപകരണങ്ങൾ ശരിയായി സംരക്ഷിക്കപ്പെടുന്നുണ്ടെന്നും പൊതു കാർഷിക ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കപ്പെടുന്നതെന്നും ഉറപ്പുവരുത്തുന്നതിന് തുടർനടപടികളോ മോണിട്ടറിംഗ് സംവിധാനമോ നിലവിലില്ല. ഇത് സംബന്ധിച്ച് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

B) കൃഷി ഭവനുകൾ അടക്കമുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്നും കൂടുതൽ കാർഷിക യന്ത്രങ്ങൾ കർഷകർക്ക് വാങ്ങി നൽകേണ്ടത് ആവശ്യമാണെന്നും ബോധ്യപ്പെട്ട് കൃഷി ഓഫീസർമാർ റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

C) കർഷക ഗ്രൂപ്പുകൾക്കായി നൽകുന്ന കാർഷിക ഉപകരണങ്ങൾ സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ അവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/23.12.2021) നിർവ്വഹണ ഉദ്യോഗസ്ഥ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-21 കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തലും ബന്ധിപ്പിക്കലും എന്ന പദ്ധതിയുടെ (നം.32/21) ഭാഗമായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 5,25,000 രൂപ വികസന ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും അത്രയും തന്നെ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ എന്ന സ്ഥാപനമാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

A) കാർഷിക വിപണന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെയും ബന്ധിപ്പിക്കുന്നതിന്റെയും ഭാഗമായി കമ്പ്യൂട്ടർ സെർവർ, ഹാർഡ് വെയറുകൾ എന്നിവ വാങ്ങുന്നതിനും ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷന്റെ അറ്റകുറ്റപ്പണികൾക്കുമായി 2,25,000 രൂപ (ബിൽ നം.16/27.03.2021) ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെയോ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെയോ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

B) കാർഷിക വിപണന കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനായി സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും 3,00,000 രൂപ (ബിൽ നം.15/27.03.2021) സോഫ്റ്റ് വെയർ നിർമ്മാണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പർച്ചേസ് കമ്മിറ്റി, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി എന്നിവ അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. കാർഷിക വിപണന കേന്ദ്രങ്ങളെ സോഫ്റ്റ് വെയർ വഴി പരസ്പരം ബന്ധിപ്പിക്കുന്ന പ്രവൃത്തിയും പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.

C) കാർഷിക വിപണന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് സോഫ്റ്റ് വെയർ സംബന്ധിച്ച പരിശീലനം നൽകുന്നതാണെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശീലനം നൽകിയതിന്റെ തെളിവുകൾ ഒന്നും ഫയലിൽ ലഭ്യമല്ല.

കാർഷിക വിപണന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവ കാർഷിക വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഉപകരിച്ചിട്ടുണ്ടെന്നും മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കോ ഭരണസമിതിയ്ക്കോ ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ടിന്റെ അഭാവത്തിൽ, പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 5,25,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണവകുപ്പുതലത്തിൽ വിശദമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-22 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ടെണ്ടർ നടപടികളിലെ അപാകതകൾ

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, ഫർണ്ണിച്ചർ എന്നിവ വാങ്ങി നൽകുന്നതിന് 7,00,000 രൂപ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി പദ്ധതി
(നം.14/21) രൂപീകരിക്കുകയും 6,40,348 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സമാഹരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

A) സ്റ്റീൽ അലമാര, എക്സിക്യൂട്ടീവ് ചെയർ, ഓഫീസ് ചെയർ എന്നിവ വാങ്ങിയത് ഓപ്പൺ ടെണ്ടർ നടപടികളിലൂടെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഓപ്പൺ ടെണ്ടർ ക്ഷണിക്കുമ്പോൾ ടെണ്ടർ പരസ്യം ചെയ്ത തീയതി മുതൽ മിനിമം 21 ദിവസം ടെണ്ടർ സമർപ്പിക്കുന്നതിനായി അനുവദിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ 03.08.2020-ന് ടെണ്ടർ ക്ഷണിച്ച് കേവലം 9 ദിവസങ്ങൾ മാത്രമാണ് ടെണ്ടർ സമർപ്പിക്കുന്നതിനായി നൽകിയത്. ടെണ്ടർ രേഖകൾ സമർപ്പിക്കുന്നതിന് മതിയായ സമയം അനുവദിച്ച് നൽകാതിരിക്കുന്നത് ടെണ്ടർ നടപടിയുടെ മത്സര സ്വഭാവം നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും ഗുണമേന്മയുള്ള സാധനങ്ങളും സേവനങ്ങളും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നത് നഷ്ടപ്പെടുവാൻ കാരണമാവുകയും ചെയ്തു.

B) സ്റ്റീൽ അലമാര, എക്സിക്യൂട്ടീവ് ചെയർ, ഓഫീസ് ചെയർ എന്നിവ വാങ്ങുന്നതിന് നടത്തിയ ഓപ്പൺ ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ 3 ടെണ്ടറുകൾ നിരസിക്കാവുന്നതാണെന്ന് അവ പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിരുന്നു. ഇവ നിരസിക്കുന്നതിനും ബാക്കി വന്ന ഒറ്റ ടെണ്ടറിൽ (മോഹൻ ബ്രദേഴ്സ്, ഗോദ്റേജ് ഇന്റീരിയോ, കോഴഞ്ചേരി) രേഖപ്പെടുത്തിയ നിരക്ക് യുക്തിഭദ്രമാണെന്നും അംഗീകരിക്കാവുന്നതാണെന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി, ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റി എന്നിവ എടുത്ത തീരുമാനത്തിന്റെ വിവരം ലഭ്യമല്ല. വ്യാപകമായ പരസ്യം, ടെണ്ടറുകൾ രൂപീകരിക്കുന്നതിന് മതിയായ സമയം എന്നിവയുടെ അഭാവത്തിൽ യോഗ്യതയുള്ള ഒരു ടെണ്ടർ മാത്രം വന്ന സാഹചര്യത്തിൽ റീടെണ്ടർ നടത്തേണ്ടതായിരുന്നു. എന്നാൽ റീ ടെണ്ടറിനുള്ള സാധ്യത പരിഗണിച്ചില്ല.

C) വിതരണം ചെയ്ത സ്റ്റീൽ അലമാര, എക്സിക്യൂട്ടീവ് ചെയർ, ഓഫീസ് ചെയർ എന്നിവ ടെണ്ടർ രേഖകളിൽ ഓഫർ ചെയ്തിട്ടുള്ള സ്പെസിഫിക്കേഷനിൽ ഉള്ളവയാണെന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ വിവരം ലഭ്യമല്ല.

D) 2017-ലെ ചരക്ക് സേവന നികുതി നിയമം, വകുപ്പ് 51(1) പ്രകാരം, ഒരു കരാർ അടിസ്ഥാനത്തിൽ നികുതി ബാധകമായ ചരക്ക് വാങ്ങുമ്പോൾ കരാർ തുക ജി.എസ്.റ്റി. ഉൾപ്പെടാതെ 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ജി.എസ്.റ്റി. ഒഴികെയുള്ള തുകയിൽ നിന്ന് 2% തുക റ്റി.ഡി.എസ്. ഇനമായി കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ മോഹൻ ബ്രദേഴ്സ്, ഗോദ്റേജ് ഇന്റീരിയോ, കോഴഞ്ചേരി എന്ന സ്ഥാപനത്തിന് നൽകിയ 4,14,975 രൂപയുടെ ബില്ലിൽ നിന്ന് നിയമപ്രകാരം ടി.ഡി.എസ്സ് കുറവ് ചെയ്തിട്ടില്ല.

E) പദ്ധതിയുടെ ഭാഗമായി 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോണിന്റെ 23.02.2021-ലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 85,598 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ടി കമ്പ്യൂട്ടറുകൾ ലഭ്യമായതിന്റെ വിവരം, കെൽട്രോണിന്റെ ടാക്സ് ഇൻവോയിസ്, ലഭ്യമായ കമ്പ്യൂട്ടറുകൾ സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമല്ല

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനായി ഭരണസമിതിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

| ചെലവ് തുകയുടെ വിവരങ്ങൾ | |
|---|---|
| തുക | ബിൽ നം. തീയതി |
| 2,00,000 | ബിൽ നം.32/17.09.2020 |
| 2,14,975 | ബിൽ നം.40/13.11.2020 |
| 1,39,775 | ബിൽ നം.51/09.02.2021 |
| 85,598 | ബിൽ നം.60/26.03.2021 |

## 1-23 വനിതകൾക്ക് ബ്രോയിലർ യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറഞ്ഞത് 10 അംഗങ്ങളെങ്കിലും ഉള്ളതുമായ വനിതാ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം നൽകുവാൻ ഉദ്ദേശിച്ച് സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണാദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം 132/18 നമ്പരായി രൂപീകരിച്ച പദ്ധതി പ്രകാരം 5,00,000 രൂപ വികസന ഫണ്ട് വകയിരുത്തിയിരുന്നു. എന്നാൽ തൻ വർഷം നിർവ്വഹണം നടത്തുവാൻ സാധിക്കാതിരുന്നതിനാൽ 2018-19 സാമ്പത്തിക വർഷം സ്പിൽ ഓവറായി ടി പദ്ധതി നിലനിർത്തിയെങ്കിലും നടപ്പാക്കാനായില്ല. തുടർന്ന് 2019-20 സാമ്പത്തിക വർഷത്തിൽ വീണ്ടും സ്പിൽ ഓവറായി നിലനിർത്തി (പ്രോ.നം. 55/20) 2,50,000 രൂപ ചെലവഴിച്ചു. 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി വീണ്ടും നിലനിർത്തി (പ്രോ.നം. 75/21) 2,50,000രൂപ എബനേസർ വനിതാ ആക്ടിവിറ്റി ഗ്രൂപ്പിന് വികസന ഫണ്ടിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. ബ്രോയിലർ ഷെഡ് നിർമ്മാണത്തിന് 50% (പരമാവധി 1,25,000 രൂപ), ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിന് 50% (പരമാവധി 1,25,000 രൂപ) എന്ന രീതിയിലാണ് സബ്സിഡി തുക ക്രമീകരിച്ചിട്ടുള്ളത്. ബാക്കിത്തുക ബാങ്ക് ലോൺ ഇനത്തിൽ ഗ്രൂപ്പ് സമാഹരിക്കുന്നു. ഗ്രൂപ്പിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡിത്തുക അനുവദിച്ച് നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) ഒരു പദ്ധതി അത് സ്പിൽ ഓവർ ആകുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ടി പദ്ധതി പ്രകാരം 2,50,000 രൂപ ചെലവഴിച്ചത് 4-ാം സാമ്പത്തിക വർഷമാണ്. പദ്ധതി രൂപീകരിച്ച് 3-ാം വർഷങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രൂപ്പുകളെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് കൃത്യമായ ആസൂത്രണം ഉണ്ടായിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

B) ഉൽപ്പാദന മേഖലയിൽ മൃഗസംരക്ഷണത്തിൽ ഉൾപ്പെടുത്തിയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഉൽപ്പാദന മേഖലയിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ബ്രോയിലർ യൂണിറ്റിന് ആനുകൂല്യം നൽകുമ്പോൾ കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാനുള്ള ഷെഡും മാലിന്യ സംസ്കരണ സംവിധാനവും ഒരുക്കേണ്ട ചുമതല ഗുണഭോക്താവിനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതിപ്രകാരം 1,25,000 രൂപ ഷെഡ് നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

C) എബനേസർ വനിതാ ആക്ടിവിറ്റി ഗ്രൂപ്പ്, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ കരീലമുക്ക് ബ്രാഞ്ചിൽ തുടങ്ങിയ അക്കൗണ്ടിലേക്കാണ് (401310101003289) സബ്സിഡിത്തുക 2,50,000 രൂപ (ബിൽ നം.19/11.04.2020) അനുവദിച്ച് നൽകിയിട്ടുള്ളത്. ഷെഡ് നിർമ്മാണത്തിനും കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും കൂടി അനുവദിച്ച തുക പൂർണ്ണമായി സ്ഥാപനം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത് സംബന്ധിച്ച രേഖകൾ ഒന്നുംതന്നെ ഫയലിൽ ലഭ്യമല്ല.

D) പ്രോജക്റ്റിന്റെ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് കമ്മിറ്റി പരിശോധിക്കുകയോ റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

വനിതാ ശാക്തീകരണത്തിനും വനിതകളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുമായി ആരംഭിച്ച ടി പദ്ധതി ഉദ്യേശലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അപാകതകൾ നിലനിൽക്കുന്നതിനാലും പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാലും പൂർത്തീകരണം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ലാത്തതിനാലും ചെലവ് തുക 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ GST രജിസ്ട്രേഷൻ എടുത്ത് ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണെന്ന് സ.ഉ(അച്ചടി)നം:87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. കരാറുകാർക്ക് GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് അവരുടെ GST നമ്പർ, മേൽവിലാസം എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം:2532/2018/തസ്വഭവ, നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃക ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ മേൽ പറഞ്ഞ പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/20.12.2021) കരാറുകാർ ആരും തന്നെ 2019-20, 2020-21 വർഷങ്ങളിൽ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫോം വാങ്ങിയതിന് ശേഷം മാത്രം GST കോമ്പൻസേഷൻ നൽകാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 70000 | പി.എം.എ.വൈ (എസ്.സി.പി) | 70000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

KSEB, KWA എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO 90/21 - Spill | 1580587 | 0 | 1580587 |

| | | | | | |
|---|---|---|---|---|---|
| | | Over പ്രത്യേക ഘടക പദ്ധതി ഫണ്ട് | | | |
| 2 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO 89/21 - Spill Over - വികസന ഫണ്ട് ജനറൽ | 2337372 | 0 | 2337372 |
| 3 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO 78/21 - Spill Over - വികസന ഫണ്ട് ജനറൽ | 238135 | 0 | 238135 |
| 4 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO 07/21 - വികസന ഫണ്ട് ജനറൽ | 1363000 | 0 | 1363000 |
| 5 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO 10/21 - പ്രത്യേക ഘടക പദ്ധതി ഫണ്ട് | 192704 | 0 | 192704 |
| 6 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO 08/21 - പ്രത്യേക ഘടക പദ്ധതി ഫണ്ട് | 1287000 | 0 | 1287000 |
| 7 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO 09/21 - വികസന ഫണ്ട് ജനറൽ | 824050 | 0 | 824050 |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 16 | 2001-02 | V-3-8-1 | അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 3-4, 3-5 | 2001-02 | V-3-8-1 | അരിപ്പൊടി, മുളക്പൊടി യൂണിററുകൾക്ക് നലകിയ തുക അംഗീകരിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്ജ്/സർ ചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71959353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65894349 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1270000 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14-1 | 195000 | ഡോ.അജിത, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-19 | 300000 | ശ്രീമതി. അമ്പിളി,സി, അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| 1-21 | 525000 | ശ്രീമതി. അമ്പിളി,സി, അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| 1-23 | 250000 | ഡോ.സുരേഷ് കുമാർ, സീനിയർ വെറ്ററിനറി സർജൻ |
| ആകെ | 1270000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സുരേഷ് കുമാർ പിള്ള, സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ<br>കോയിപ്രം | മഴവഞ്ചേരിൽ<br>കടപ്ര<br>കുമ്പനാട്<br>പിൻ-689547 |
| ശ്രീമതി അമ്പിളി.സി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ<br>പുല്ലാട് | കാവുങ്കൽ വീട്<br>എലിക്കുളം, പി.ഒ,<br>കോട്ടയം |
| ഡോ.അജിത | സി.എച്ച്.സി<br>കാഞ്ഞീറ്റുകര | കൃഷ്ണകൃപ<br>ഐ.റ്റി.ഐ ജംഗ്ഷൻ<br>ചാക്ക,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99<br>തീയതി 31-01-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02<br>തീയതി 05-03-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06<br>തീയതി 05-03-07 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07<br>തീയതി 07-06-08 | 8 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07<br>തീയതി 07-06-08 | 1 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09<br>തീയതി 13-05-11 | 1 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11<br>തീയതി 13-12-11 | 1 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13<br>തീയതി 03-09-13 | 2 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14<br>തീയതി 12-09-14 | 5 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15<br>തീയതി 06-06-15 | 5 |

| | | |
|---|---|---|
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016<br>തീയതി: 22.03.2016 | 8 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017<br>തീയതി: 06.05.17 22.03.2016 | 11 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017<br>തീയതി: 07.12.2017 | 14 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-343/2019<br>തീയതി: 07.06.2019 | 12 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി12-863/2019<br>തീയതി: 11.10.2019 | 9 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി12-927/2021<br>തീയതി: 06.01.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്